പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *739. 17-7-2012-ൽ മറുപടിക്ക്

<u>നഗരങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.എ. വാഹിദ്:<br>ശ്രീ . പാലോട് രവി:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ. മുരളീധരൻ: | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം III ലെ വ്യവസ്ഥകൾ പ്രകാരം അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണത്തിൻമേൽ നഗരസഭാ സെക്രട്ടറിയ്ക്ക് നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം XXIII ൽ വിജിലൻസ് സ്ക്വാഡ് , അപകടകരവും അപാകതകളുംഉള്ള നിർമ്മാണങ്ങൾ നിർത്തിവയ്ക്കൽ, അനധികൃത കെട്ടിടങ്ങൾക്കുള്ള പിഴ (Penalty) എന്നിവ സംബന്ധമായ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടിട്ടുണ്ട്. |
| ബി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവരിൽ നിന്ന് കനത്ത പിഴ ഈടാക്കുവാൻ നിയമ നടപടികൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | ഇക്കാര്യം പരിഗണിക്കുന്നതാണ്. |

| | |
|---|---|
| സി) ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ? | അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും, തടയുന്നതിനും, റിപ്പോർട്ടു ചെയ്യുന്നതിനുമായി ഓരോ ജില്ലയിലും വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XXIII ലെ ചട്ടം 157 പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനായി വിജിലൻസ് സ്ക്വാഡുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് അനധികൃത നിർമ്മാണങ്ങളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നതായി സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആയത് കണ്ടെത്തുന്നതിനായി സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ അദ്ധ്യക്ഷതയിൽ ഒരു 17 അംഗ ടീം സർക്കാരിന്റെ 22.06.2012-ലെ സ.ഉ. (ആർ.റ്റി) നം. 1692/12 തസ്വഭവ നമ്പർ ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ